പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1623 — 08.06.2018 ൽ മറുപടിയ്ക്ക്

## ജൈവ പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്ത് ജൈവകൃഷി നടപ്പാക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയായ - ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി 2016-17, 2017-18 എന്നീ വർഷങ്ങളിലാണ് ഈ സർക്കാർ നടപ്പിലാക്കിയത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY (പരമ്പരാഗത കൃഷി വികാസ യോജന) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകളിൽ ജൈവ കൃഷി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി 254.813 ലക്ഷവും NPOP (National Programme for Organic Production) മാനദണ്ഡങ്ങൾ പ്രകാരം ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തൊട്ടാകെയുള്ള 681 ജി.എ.പി ക്ലസ്റ്ററുകളിലായി 14500 Ha ൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ജൈവ കൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്. ഇവയിൽ നിന്നും വിപണനത്തിനായി നടപ്പ സാമ്പത്തിക വർഷം ഏകദേശം 4750 ടൺ പഴം പച്ചക്കറികൾ ഉല്പാദിപ്പിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നു.<br><br>2017-18 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ |

2. ഇക്കോഷോപ്പുകൾ
3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം
4. ജൈവ കാർഷിക മണ്ഡലം അവാർഡ്
5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ
6. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി ( കുട്ടനാട് ജി എ പി)

ജൈവ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം (2018-19) 1011 ലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| | |
|---|---|
| ബി) ജൈവ പച്ചക്കറി കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ? | ബി) ജൈവ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം (2018-19) 1011 ലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ<br>2. ഇക്കോഷോപ്പുകൾ<br>3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം<br>4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ<br>5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്<br>6. കുട്ടനാട് GAP പദ്ധതി |

Mayal

**സെക്ഷൻ ഓഫീസർ**